## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2916** **13.07.2015 ന് മറുപടിയ്ക്ക്**

### പുതിയ എക്സൈസ് നയംമൂലം അടച്ചുപൂട്ടിയ ബാറുകളിലെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം.ചന്ദ്രൻ :** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി എത്ര ബാറുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്; | (എ) | പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി 710 ബാറുകൾ അടച്ചുപൂട്ടുകയുണ്ടായി |
| (ബി) | ഇപ്പോൾ എത്ര ബാറുകളാണ് പ്രവർത്തിച്ചുവരുന്നത്; | (ബി) | ഇപ്പോൾ 27 ബാറുകളാണ് പ്രവർത്തിച്ചു വരുന്നത് |
| (സി) | പുതുതായി അടച്ചുപൂട്ടിയ ബാറുകളിൽ എത്ര എണ്ണത്തിലാണ് ബീയർ & വൈൻ പാർലർ അനുവദിച്ചിട്ടുള്ളത്; | (സി) | അടച്ചുപൂട്ടിയ ബാറുകളിൽ 674 എണ്ണത്തിനാണ് ബീയർ & വൈൻ പാർലർ അനുവദിച്ചിട്ടുള്ളത് |
| (ഡി) | മുൻപ് പ്രവർത്തിച്ചിരുന്ന ബാറിലെ തൊഴിലാളികൾക്ക് അവിടെ അനുവദിച്ചിട്ടുള്ള ബീയർ & വൈൻ പാർലറുകളിൽ തൊഴിൽ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | 31.03.2014 ൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കെല്ലാം തന്നെ ജോലി നൽകാമെന്ന ലൈസൻസികളുടെ ഉറപ്പിന്മേലാണ് അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ ബീയർ & വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുള്ളത് |
| (ഇ) | എങ്കിൽ എത്ര തൊഴിലാളികൾക്കാണ് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചുകിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | 9256 തൊഴിലാളികൾക്ക് തൊഴിൽ തിരികെ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**